12
വ്യാഴം
2018 ഏപ്രിൽ
1193 മീനം 29

മക്തബ്

www.makthabdaily.com

തളിപ്പറമ്പ

വികസനം നടപ്പിലാക്കുമ്പോൾ ആദ്യം കയ്ക്കും, പിന്നെ മധുരിക്കും: മുഖ്യമന്ത്രി

കാസർക്കോട്: വികസനം നടപ്പിലാക്കുമ്പോൾ ആദ്യം കയ്ക്കുമെങ്കിലും പിന്നീട് മധുരിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു. കാറഡുക്ക ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാനമന്ദിരം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദേഹം. ദേശീയപാത വികസനത്തിനെതിരെ സംസ്ഥാനത്തിന്റെ പലഭാഗത്തും സമരങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിലായിരുന്നു മുഖ്യമന്ത്രിയുടെ പ്രതികരണം.

ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്ത് വികസന പദ്ധതികളുടെ നിർവഹണത്തിന് വേഗതകൂടിയിരിക്കുകയാണ്. രാജ്യത്തിനും ലോകത്തിനും അഭിമാനിക്കാവുന്ന വികസന പ്രവർത്തനങ്ങളാണ് സംസ്ഥാനത്തുണ്ടാകാൻ പോകുന്നത്. കുടിവെള്ളത്തിനും ശുചീകരണത്തിനും പഞ്ചായത്തുകൾ മുൻഗണന നൽകണം. ശുദ്ധജലമുണ്ടായാൽ തന്നെ ജനങ്ങളുടെ ആരോഗ്യം മെച്ചപ്പെടുമെന്ന് അദേഹം കൂട്ടിച്ചേർത്തു. മന്ത്രി ഇ.ചന്ദ്രശേഖരൻ അധ്യക്ഷത വഹിച്ചു.

കേരളത്തിൽ സ്വർണ്ണ വില കുതിക്കുന്നു

കണ്ണൂർ: കേരളത്തിൽ വിവാഹ സീസൺ ആരംഭിച്ചതോടെ സ്വർണ്ണ വില കുതിക്കുന്നു. ഒരാഴ്ചക്കുള്ളിൽ 560 രൂപയാണ് പവന് വർദ്ധിച്ചത്. ഇന്ന് ഒരു പവന് 160 രൂപ വർദ്ധിച്ചു. പവന് 23,120രൂപയാണ് ഇന്നത്തെ വില. അക്ഷയതൃതീയ പ്രമാണിച്ച് സ്വർണ്ണക്കടകളിൽ വൻ തിരിക്ക് അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

മുസ്ലിംലീഗിലെ ഗ്രൂപ്പിസം; തളിപ്പറമ്പ ജുമാഅത്ത് പള്ളി ട്രസ്റ്റ് ഭാരവാഹി തിരഞ്ഞെടുപ്പ് അനിശ്ചിതത്വത്തിൽ

വഖഫ് ട്രിബൂണലിൽ വാദം തുടങ്ങി • പരാതി നൽകിയത് യൂത്ത്‌ലീഗ് പ്രവർത്തകൻ

തളിപ്പറമ്പ: തളിപ്പറമ്പ ജുമാഅത്ത് പള്ളി ട്രസ്റ്റ് ഭാരവാഹി തിരഞ്ഞെടുപ്പ് അനിശ്ചിതത്വത്തിലായി. ഇന്ന് വൈകുന്നേരം മൂന്ന് മണിക്ക് നടത്താൻ നിശ്ചയിച്ചിരുന്ന തിരഞ്ഞെടുപ്പാണ് വഖഫ് ബോർഡ് ട്രിബ്യൂണലിൽ മുസ്ലിം യൂത്ത് ലീഗ് പ്രവർത്തകൻ നൽകിയ പരാതിയെ തുടർന്ന് അനിശ്ചിതത്വത്തിലായത്. കഴിഞ്ഞ ഒന്നിന് ട്രസ്റ്റ് കമ്മിറ്റിയിലേക്ക് 18 പേരെ ഐക്യകണ്ഠേന തിരഞ്ഞെടുത്തിരുന്നു. മുസ്ലിംലീഗിലെ ഗ്രൂപ്പിസത്തെ തുടർന്ന് ചേരിതിരിഞ്ഞ് തിരഞ്ഞെടുപ്പ് നടക്കുമെന്ന അവസ്ഥയുണ്ടായെങ്കിലും അവസാന നിമിഷം സമവായത്തിലൂടെയാണ് കമ്മിറ്റിയെ തിരഞ്ഞെടുത്തത്. നഗരസഭ ചെയർമാൻ അള്ളാംകുളം മഹമൂദും സി.പി.വി. അബ്ദുള്ളയും നേതൃത്വം നൽകുന്ന ഒരു വിഭാഗവും മുസ്ലിംയൂത്ത് ലീഗ് സംസ്ഥാന വൈസ് പ്രസിഡണ്ട് പി.കെ. സുബൈറും പി. മുഹമ്മദ് ഇഖ്ബാലും നേതൃത്വം നൽകുന്ന മറ്റൊരു വിഭാഗവും തമ്മിലായിരുന്നു പോരിന് ഇറങ്ങിയത്. കമ്മിറ്റിയിൽ ഭൂരിപക്ഷം തങ്ങൾക്കാണെന്ന് സുബൈർ- ഇഖ്ബാൽ വിഭാഗം അവകാശപ്പെട്ടിരുന്നു.

ഭാരവാഹി തിരഞ്ഞെടുപ്പ് സമവായത്തിലെത്തിക്കാൻ മുസ്ലിംലീഗ് സംസ്ഥാന - ജില്ലാ നേതൃത്വം ഇടപെട്ടെങ്കിലും ഫലം കണ്ടിരുന്നില്ല. ഈ സാഹചര്യത്തിൽ ഭാരവാഹി സ്ഥാനത്തേക്ക് ചേരിതിരിഞ്ഞ് തിരഞ്ഞെടുപ്പ് നടത്തുമെന്ന അവസ്ഥയുണ്ടായിരുന്നു. അതിനിടയിലാണ് കുറുമാത്തൂരിലെ യൂത്ത് ലീഗ് പ്രവർത്തകനും ജുന്ന സാധുസഹായ സമിതിയുടെ വൈസ് പ്രസിഡണ്ടുമായ എം. സുബൈർ വഖഫ് ബോർഡ് ട്രിബ്യൂണലിന് പരാതി നൽകിയത്. കമ്മിറ്റി തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയായി താൻ നൽകിയ പട്ടിക ഭീഷണിപ്പെടുത്തി പിൻവലിപ്പിക്കാൻ ശ്രമിച്ചുവെന്നും തന്റെ കള്ള ഒപ്പിട്ടാണ് പത്രിക പിൻവലിച്ചതായി കൃത്രിമ രേഖയുണ്ടാക്കിയതെന്നും അതിനാൽ ഇന്ന് നടക്കുന്ന ഭാരവാഹി തിരഞ്ഞെടുപ്പ് തടയണമെന്നും ആവശ്യപ്പെട്ടാണ് അള്ളാംകുളം - സി.പി.വി അബ്ദുള്ള പക്ഷക്കാരനായ സുബൈർ ട്രിബ്യൂണലിനെ സമീപിച്ചത്. ഈ ഹർജി ഇന്ന് രാവിലെ 11 മണിക്ക് പരിഗണിക്കാൻ ട്രിബ്യൂണൽ ബോർഡ് മേധാവി ജില്ലാ ജഡ്ജി പി. ജെ. വിൻസെന്റ് തീരുമാനിക്കുകയായിരുന്നു. ഇതേ തുടർന്ന് ഇന്ന് 11 മണിക്ക് ട്രിബ്യൂണൽ മുമ്പാകെ ഹാജരാകാൻ വരണാധികാരി അഡ്വ. മുഹമ്മദ് ഹനീഫക്ക് ഇന്നലെ രാത്രി പ്രത്യേക ദൂതൻ മുഖേന നോട്ടീസ് എത്തിക്കുകയും ചെയ്തു. നിലവിലുള്ള പ്രസിഡണ്ട് കോയി മുസ്തഫ, സെക്രട്ടറി മുസ്തഫ മുക്കോല എന്നിവരും കേസിൽ എതിർ കക്ഷികളാണ്. ട്രിബ്യൂണൽ ആസ്ഥാനം കോഴിക്കോടാണ്. ഇന്ന് രാവിലെ കേസ് പരിഗണിച്ച് ട്രിബ്യൂണലിന്റെ വിധിയുണ്ടാകുമ്പോൾ സമയം ഉച്ചയാകും. തിരഞ്ഞെടുപ്പ് റദാക്കുന്ന വിധിയുണ്ടായില്ലെങ്കിലും കോഴിക്കോട് നിന്ന് മൂന്ന് മണിക്ക് മുമ്പ് വരണാധികാരിക്കും മറ്റും തളിപ്പറമ്പിലെത്തി നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ കഴിയുമോയെന്നതാണ് തിരഞ്ഞെടുപ്പ് സംബന്ധിച്ച അനിശ്ചിതത്വത്തിന് ഇടയാക്കിയത്.

ഓട്ടോറിക്ഷ മരത്തിലിടിച്ച് യാത്രക്കാരൻ മരിച്ചു; ഡ്രൈവർക്ക് ഗുരുതരം

മണി

മട്ടന്നൂർ: ഓട്ടോറിക്ഷ മരത്തിലിടിച്ച് ലോറി ഡ്രൈവറായ യാത്രക്കാരൻ മരിച്ചു. വായന്തോട് കല്ലേരിക്കരയിലെ കായിലിച്ചയിൽ മണി (46) ആണ് മരിച്ചത്. ഗുരുതരമായി പരിക്കേറ്റ ഓട്ടോ ഡ്രൈവർ വായന്തോടെ അരുണി (29)നെ പരിയാരം മെഡി. കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. യാത്രക്കാരായ അരുൺ (40), ശശി (45), അച്ചുതൻ (43) എന്നിവർക്കും പരിക്കേറ്റു. ഇവരെ കണ്ണൂർ എ.കെ.ജി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പറശിനിക്കടവ് ക്ഷേത്രത്തിൽ പോയി വരുമ്പോൾ ഇന്നലെ അർദ്ധരാത്രി വായന്തോടായിരുന്നു അപകടം. തെരുവുനായ കുറുകെ ചാടിയതിനെ തുടർന്ന് ഓട്ടോറിക്ഷ വെട്ടിക്കമ്പോഴാണ് മരത്തിലിടിച്ചത്. ചെങ്കൽ കാറി ലോറി ഡ്രൈവറാണ് മരിച്ച മണി. മാതാവ്: ലക്ഷ്മി. ഭാര്യ ബിന്ദു. മക്കൾ: അനുഗ്രഹ്, അഖിൽ. സഹോദരങ്ങൾ: മഹേഷ്, സോജ, നിഷ.

ബാർകോഴ: മാണിക്കെതിരെ വി.എസ് കോടതിയിൽ

തിരുവനന്തപുരം: ബാർക്കോഴ കേസിൽ കെ.എം. മാണിക്ക് ക്ലീൻചിറ്റ് നൽകിയ വിജിലൻസ് നടപടിയെ ചോദ്യം ചെയ്ത് വി.എസ്.അച്യുതാനന്ദൻ കോടതിയിൽ. സി. പി. എമ്മിന്റെ മുതിർന്ന നേതാവായ അദ്ദേഹം തിരുവനന്തപുരം വിജിലൻസ് കോടതിയിൽ മാണിയെ കുറ്റവിമുക്തനാക്കുന്നതിനെതിരെ ഹർജി നൽകി. വി.എസ്.അച്യുതാനന്ദന് പുറമെ ബി.ജെ.പി നേതാവ് വി.മുരളീധരൻ, ബാർ ഉടമ ബിജു രമേശ് എന്നിവർ ഉൾപ്പെടെ ആറുപേർ കൂടി മാണിയെ കുറ്റവിമുക്തനാക്കുന്നതിനെതിരെ കോടതിയെ സമീപിച്ചിട്ടുണ്ട്. കേസിൽ വാദം നടത്താൻ സമയം വേണമെന്ന വി. എസിന്റെ അഭിഭാഷകന്റെ അഭ്യർത്ഥനയെ തുടർന്ന് കേസ് പരിഗണിക്കുന്നത് കോടതി ജൂൺ ആറിലേക്ക് മാറ്റി.

കെ.എം.മാണിക്ക് ക്ലീൻചിറ്റ് നൽകി കൊണ്ടുള്ള വിജിലൻസ് റിപ്പോർട്ട് ഇന്ന് തിരുവനന്തപുരം വിജിലൻസ് കോടതി മുമ്പാകെ എത്തിയപ്പോൾ നാടകീയ രംഗങ്ങളാണ് അരങ്ങേറിയത്. കേസിൽ വിജിലൻസിന് വേണ്ടി ഹാജരാകുന്ന അഭിഭാഷകൻ വി. വി. അഗസ്റ്റ്യനും സ്പെഷൽ പബ്ലിക് പ്രോസിക്യൂട്ടർ കെ. പി. സതീശനും തമ്മിൽ വാക്കേറ്റം നടന്നു. മാണിക്കെതിരെ കർശന നിലപാട് കൈക്കൊണ്ട അഭിഭാഷകനാണ് കെ. പി. സതീശൻ. അദേഹം കേസിൽ ഹാജരാകുന്നതിനെ വി. വി. അഗസ്റ്റ്യൻ എതിർത്തു. സ്പെഷൽ പബ്ലിക്ക് പ്രോസിക്യൂട്ടർ ഹാജരാകുന്നത് സംബന്ധിച്ച് തനിക്ക് യാതൊരു വിവരവുമില്ലെന്ന് അഗസ്റ്റ്യൻ പറഞ്ഞു. എന്നാൽ അഗസ്റ്റ്യന് നിയമവശം അറിയാത്തതിനാലാണ് താൻ ഹാജരാകുന്നതിനെ എതിർക്കുന്നതെന്ന് സതീശൻ തിരിച്ചടിച്ചു. ഈ ഘട്ടത്തിൽ സതീശൻ ഹാജരാകുന്നതിനെ കെ. എം. മാണിയുടെ അഭിഭാഷകനും എതിർത്തു. എന്നാൽ പ്രതിഭാഗം അഭിഭാഷകന് ഇങ്ങനെ എതിർക്കാനുള്ള അവകാശമുണ്ടോയെന്ന് കോടതി ചോദിച്ചു. കേസിൽ ആര് ഹാജരാകണമെന്ന് തീരുമാനിക്കേണ്ടത് സർക്കാരാണെന്നും സർക്കാരാണ് അക്കാര്യത്തിൽ വ്യക്തത കൈവരുത്തേണ്ടതെന്നും കോടതി അഭിപ്രായപ്പെട്ടു. സ്പെഷൽ പ്രോസിക്യൂട്ടർ ഹാജരായാൽ ആകാശം ഇടിഞ്ഞുവീഴുമോയെന്നും കോടതി ചോദിച്ചു.

കേന്ദ്രസർക്കാരിനെതിരെ ചീഫ് ജസ്റ്റിസിന് ജസ്റ്റിസ് കുര്യൻ ജോസഫ് കത്തയച്ചു

ഡൽഹി: ജുഡീഷ്യറിക്ക് മേലുള്ള കേന്ദ്ര സർക്കാരിന്റെ ഇടപെടലിനെ രൂക്ഷമായി വിമർശിച്ച് കൊണ്ട് സുപ്രീം കോടതിയിലെ മുതിർന്ന ജഡ്ജി ജസ്റ്റിസ് ചെലമേശ്വർ രംഗത്ത് വന്നതിന് പിന്നാലെ കേന്ദ്ര സർക്കാരിനെതിരെ ചീഫ് ജസ്റ്റിസിന് കത്തയച്ച് കൊണ്ട് ജസ്റ്റിസ് കുര്യൻ ജോസഫും രംഗത്തെത്തി. ഉത്തരാഖണ്ഡ് ഹൈക്കോടതി ചീഫ് ജസ്റ്റിസും മലയാളിയുമായ കെ.എം. ജോസഫ്, മുതിർന്ന അഭിഭാഷക ഇന്ദു മൽഹോത്ര എന്നിവരെ സുപ്രീംകോടതി ജഡ്ജിമാരായി ഉയർത്തിയ കൊളീജിയം തീരുമാനം കേന്ദ്ര സർക്കാർ അംഗീകരിച്ചിരുന്നില്ല. ഇതിനെതിരെയാണ് സുപ്രീംകോടതി ഇനിയും മൗനം തുടരുന്നത് എന്നാവശ്യപ്പെട്ട് കൊണ്ടാണ് ജസ്റ്റിസ് കുര്യൻ ജോസഫ് ചീഫ് ജസ്റ്റിസിന് കത്തയച്ചത്. *(ശേഷം നാലാം പേജിൽ)*

ബസിടിച്ച് സ്കൂട്ടി യാത്രികനായ കോളേജ് വിദ്യാർത്ഥി മരിച്ചു

ശ്രീകണ്ഠപുരം: പരീക്ഷ കഴിഞ്ഞ് സ്കൂട്ടറിൽ വീട്ടിലേക്ക് പോവുകയായിരുന്ന കോളേജ് വിദ്യാർത്ഥി ബസിടിച്ച് മരിച്ചു. പൈസക്കരി ദേവമാതാ കോളേജ് അവസാന വർഷ ബി.കോം വിദ്യാർത്ഥിയും ശ്രീകണ്ഠപുരം മടമ്പം കൈവെട്ടിച്ചാലിലെ മുല്ലപ്പള്ളി ടോമിയുടെ മകനുമായ അനൂപ് ടോമി (20)ആണ് മരിച്ചത്. ഫൈനലിയർ ബി.കോമിന്റെ അവസാന പരീക്ഷയായിരുന്നു ഇന്നലെ. പരീക്ഷ കഴിഞ്ഞ് ഉച്ചയോടെ വീട്ടിലേക്ക് സ്കൂട്ടിയിൽ പുറപ്പെട്ടതായിരുന്നു അനൂപ്. പൈസക്കരി വണ്ണായിക്കടവിൽ വെച്ച് അനൂപ് സഞ്ചരിച്ച സ്കൂട്ടിയിൽ തളിപ്പറമ്പ- ശ്രീകണ്ഠപുരം- ചന്ദനക്കാംപാറ റൂട്ടിലോടുന്ന കെ.എൽ. 59 എൽ 1414 എം.ജി ബസ് ഇടിക്കുകയായിരുന്നു. പരിയാരം മെഡിക്കൽ കോളേജ് തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിച്ചുവെങ്കിലും രാത്രിയോടെ അന്ത്യം സംഭവിച്ചു.

മാതാവ്: ലൈസ (അംഗൻവാടി വർക്കർ, ചുള്ളിയാട്), സഹോദരങ്ങൾ: ആതിര ടോമി (നേഴ്സിങ്ങ് വിദ്യാർത്ഥിനി, മംഗലാപുരം), അനീറ്റ ടോമി (പ്ലസ്വൺ വിദ്യാർത്ഥിനി, നെടുങ്ങോം ഗവ. ഹയർസെക്കണ്ടറി സ്കൂൾ). സംസ്കാരം നാളെ രാവിലെ പത്തിന് മടമ്പം ലൂർദ് മാതാ ഫൊറോന പള്ളി സെമിത്തേരിയിൽ.

കണ്ണൂരിൽ ഇതര സംസ്ഥാന തൊഴിലാളിയെ അക്രമിച്ച് പണം കവർന്നു

കണ്ണൂർ: ഇതര സംസ്ഥാന തൊഴിലാളിയെ ആക്രമിച്ച് കീശയിലുണ്ടായിരുന്ന പണം ബലം പ്രയോഗിച്ച് തട്ടിയെടുത്തു. കണ്ണൂർ ടൗണിൽ കൂലിപ്പണിയെടുക്കുന്ന ഉത്തർപ്രദേശ് സ്വദേശി ജയറാം പലേക്കർ ആണ് അക്രമത്തിനും കൊള്ളക്കും ഇരയായത്. ഇന്ന് രാവിലെ ഏഴ് മണിയോടെ ടൗൺ സ്കയറിൽ ഇരിക്കുമ്പോൾ ഒരാൾ മർദിച്ച് കീശയിലുണ്ടായിരുന്ന 810 രൂപ അപഹരിച്ചുവെന്നാണ് പരാതി. ടൗൺ പോലീസ് കേസെടുത്തു.

കേസൊതുക്കുന്നുവെന്ന് സതീശൻ പാച്ചേനി

പ്രാദേശിക എസ്.എഫ്.ഐ നേതാവാണ് പ്രതിയെന്ന് ആരോപണം • ഐ.ജി നേരിട്ട് അന്വേഷിക്കണം

സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമിച്ചയാളെ കണ്ടെത്തിയിട്ടും

കണ്ണൂർ: കീഴാറ്റൂരിലെ വയൽക്കിളി നേതാവ് സുരേഷ് കീഴാറ്റൂരിന്റെ വീടാക്രമിച്ച ആളെ തിരിച്ചറിഞ്ഞിട്ടും തളിപ്പറമ്പ എസ്.ഐയുടെ നേതൃത്വത്തിലുള്ള പോലീസ് കേസ് ഒതുക്കിയിരിക്കുകയാണെന്ന് ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ആരോപിച്ചു. സൈബർ സെല്ലിന്റെ സഹായത്തോടെ ആയിരക്കണക്കിന് ഫോൺ കോളുകൾ പരിശോധിച്ചും തളിപ്പറമ്പിലെ നിരവധി നിരീക്ഷണ ക്യാമറകൾ പരിശോധിച്ചും പ്രതിയെ പോലീസ് വ്യക്തമായി തിരിച്ചറിഞ്ഞിരുന്നു. എസ്.എഫ്.ഐയുടെ പ്രാദേശിക നേതാവായ യുവാവിന്റെ നേതൃത്വത്തിലാണ് അക്രമം നടന്നതെന്നാണ് പോലീസ് തിരിച്ചറിഞ്ഞത്. തൃച്ചംബരത്ത് നിന്ന് ബൈക്കിൽ സുരേഷ് കീഴാറ്റൂരിന്റെ വീടിന്റെ ഭാഗത്തേക്ക് പോകുന്നതും തിരിച്ച് തൃച്ചംബരം പൂക്കോത്ത് നടക്ക് സമീപം എത്തിയതുമായ ദൃശ്യങ്ങളടക്കം പോലീസിന് ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിയെ പിടികൂടുമെന്നായപ്പോൾ സി. പി. എം നേതൃത്വം സമ്മർദം ചെലുത്തുകയും എസ്.ഐ അതിന് വഴങ്ങുകയുമായിരുന്നു.

സംഭവ ദിവസം എസ്.എഫ്.ഐക്കാരൻ തന്റെ മൊബൈൽ ഫോൺ മറ്റൊരു സ്ഥലത്ത് വെച്ചാണ് തളിപ്പറമ്പിൽ വന്നതെന്ന കാര്യവും പോലീസ് സ്ഥിരീകരിച്ചിരുന്നു. എന്നാൽ ഇയാൾ സംഭവദിവസം തളിപ്പറമ്പിലുണ്ടായിരുന്നില്ലായെന്ന വ്യാജരേഖ സി.പി.എം നേതൃത്വത്തിന്റെ ഒത്താശയോടുകൂടി പോലീസ് സൃഷ്ടിക്കുകയായിരുന്നു. അതിനാൽ എസ്.ഐയെ മാറ്റി നിർത്തി അന്വേഷണം നടത്തണം. ഐ.ജിയുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിയാൽ പ്രതിയെ കണ്ടെത്താനാകും. കേസ് ഒതുക്കുന്നതിന് കൂട്ടുനിന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണമെന്നും സതീശൻ പാച്ചേനി ആവശ്യപ്പെട്ടു.